വാർഫിന്റെ നീളം 210 മീറ്ററായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഇതിൽ ഒന്നാംഘട്ടം 70 മീറ്റർ വാർഫിന്റെ കരാർ നൽകിക്കഴിഞ്ഞു.

5. പഴയ ജലവാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങാനുള്ള നടപടികളും എടുത്തുവരുന്നു.

(ബി) ഉണ്ട്. അഴിമുഖത്ത് മണ്ണിടിഞ്ഞ് ഈ തുറമുഖം നശിക്കാതിരിക്കാനായി മണ്ണുമാന്തൽ നടത്തിയിട്ടുണ്ട്. ഇവ ഒരു മൽസ്യ ബന്ധന തുറമുഖമായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നൽകുന്നത്.

സർവ്വീസ് സിനിറക്കാനുദ്ദേശിക്കുന്ന പുതിയ ബസ്സുകൾ

596 [762] ശ്രീ. വി. കെ. രാജൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ.വി. സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

ഈ വർഷം കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ സർവ്വീസിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

ഉത്തരം

ഐ. ഡി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ധനസഹായത്തെ ആശ്രയിച്ച് 300 ബസ്സുകളെങ്കിലും ഇറക്കണമെന്ന് ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം—പുതുക്കുറിച്ചി ഫാസ്റ്റ് പാസഞ്ചർ

597 [763] ശ്രീ. എം. എം. ഹസ്സൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്ന് പുതുക്കുറിച്ചിയിലേക്ക് കഴിഞ്ഞ മൂന്നുവർഷമായി സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കെ.എസ്. ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ ഇപ്പോൾ കൃത്യമായി സർവ്വീസ് നടത്തുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയധികം വിദ്യാർത്ഥികളും ഉദ്യോഗസ്ഥൻമാരും സ്ഥിരയാത്രക്കാരുമുള്ള പ്രസ്തുത ദേശസാൽകൃത റൂട്ടിൽ ക്യാൻസലേഷൻ ഒഴിവാക്കാനും കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്യാൻസലേഷൻ ഒഴിവാക്കി ഇപ്പോഴുള്ള ഷെഡ്യൂളുകൾ കൃത്യമായി ഓടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly